# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8185 17/07/2014 ൽ മറുപടിയ്ക്ക്

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

മറുപടി
ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജലവിഭവവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) കേരള ജല അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം, തുടർനടപടികൾ എന്നിവ അനുബന്ധം എ-യിൽ കാണാവുന്നതാണ്.<br>ഭൂജലവകുപ്പ് മുഖേന വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനം - 2014 ന്റെ ഭാഗമായി 3 കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.<br>1. തൃക്കോടൻകുന്ന്, മുട്ടിൽ ഗ്രാമപഞ്ചായത്ത്<br>2. നബീസ പുളിയോടി വീടിനുസമീപം, മുട്ടിൽ ഗ്രാമപഞ്ചായത്ത്<br>3. രാജീവ് നഗർ കോളനി, കോട്ടത്തറ ഗ്രാമപഞ്ചായത്ത്<br>ജലനിധി രണ്ടാംഘട്ടത്തിൽ ബാച്ച് 2 ൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കണിയാമ്പറ്റ, പൊഴുതന, കോട്ടത്തറ എന്നീ 3 പഞ്ചായത്തുകളിലായി 42 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>ചീഫ് എഞ്ചിനീയറുടെ (പദ്ധതി വിഭാഗം 1) കീഴിൽ കാരാപ്പുഴ ജലസേചന പദ്ധതി ഡിവിഷന്റെ മേൽനോട്ടത്തിൽ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ 4.92 കോടി രൂപയുടെ ടൂറിസം വികസന പദ്ധതി പ്രവൃത്തികൾ നടന്നു വരുന്നു.<br>ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം I-ൽ കാണാവുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | (ബി)ഭൂജലവകുപ്പിന്റെയും, കേരള ജലഅതോറിറ്റിയുടെയും, ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 1) ന്റെയും കീഴിലുള്ള എല്ലാ പദ്ധതികൾക്കും ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ജലനിധിയുടെ കീഴിലുള്ള പദ്ധതികൾക്ക് കണിയാമ്പറ്റ, പൊഴുതന, കോട്ടത്തറ എന്നീ പഞ്ചായത്തുകളിലെ 28 കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതിയും, 18 കുടിവെള്ള പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.<br>ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ൽ കാണാവുന്നതാണ്. |

| | |
|---|---|
| (സി) ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളിന്മേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | (സി) ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കുന്ന മുട്ടിൽ ഗ്രാമപഞ്ചായത്തിലെ തൃക്കോടൻകുന്ന്, നബീസ പുളിയോടി വീടിനുസമീപം എന്നീ സ്ഥലങ്ങളിലെ കുടിവെള്ള പദ്ധതികൾക്കായി ലാന്റ് റിലിങ്ക്വിഷ്മെന്റ് ലഭിക്കാത്തതിനാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കോട്ടത്തറ രാജീവ് നഗർ കോളനിയിൽ കുഴൽകിണർ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.<br>ജലനിധിയുമായി ബന്ധപ്പെട്ട് 17 കുടിവെള്ള പദ്ധതികൾക്ക് പഞ്ചായത്തും ഗുണഭോക്തൃസമിതിയുമായി കരാർ വെയ്ക്കുകയും, 11 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 1) ന് കീഴിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.<br>ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ഭരണാനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ അനുബന്ധം II -ൽ കാണാവുന്നതാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ